# വിശ്വാസപരിശീലനകേന്ദ്രം
## തലശ്ശേരി അതിരൂപത

Ph : 0490 2344430, E-mail : catechesistly@gmail.com

**“ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു” (ലൂക്ക 2:52).**

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരുംതലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

### 1. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. 25ന് ഫൊറോന കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

### 2. ജനറൽ ചോദ്യങ്ങൾ

ജനുവരി 26ന് നടത്തുന്ന XII-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ ജനുവരി 5 ശനിയാഴ്ച്ച വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 3. പരീക്ഷാ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ.

### 4. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

a. പരീക്ഷ 2019 ജനുവരി 26നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30നു മുൻപായി എത്തുക.

c. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

d. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

e. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേ സ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.

f. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കു ചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെകവറിൽ പായ്ക്ക് ചെയ്യണം.

g. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

h. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Centre Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

i. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

j. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക.

ഫോൺ : 0490 2344430.

## 5. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 6. വിശ്വാസോത്സവം മാർച്ച് 31 - ഏപ്രിൽ 4

വിശ്വാസോത്സവം മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതായിരിക്കും.

## 7. വാർഷികപരീക്ഷ I- XI

അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 7 ഞായറാഴ്ച** ആയിരിക്കും.

## 8. സെമിനാർ (ആസ്പെക്ട്)

അദ്ധ്യാപകർക്കായി ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടാമത്തെ സെമിനാർ ''**സഭയും സുവിശേഷവൽകരണവും**' എന്ന പുസ്തകത്തിന്റെ പഠനമാണ്. ഈ വർഷത്തെ ആസ്പെക്ട് പുസ്തകത്തെക്കുറിച്ചുള്ള പഠനമായതിനാൽ എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതും കൃത്യസമയത്തുതന്നെ എത്തേണ്ടതുമാണ്. അന്നേ ദിവസം വിശ്വാസപരിശീലന ക്ലാസുകൾ നേരത്തെ അവസാനിപ്പിച്ച് ഉച്ചഭക്ഷണത്തിനുശേഷം എല്ലാവരും ഒരുമിച്ച് സെമിനാറിന് എത്തുമല്ലോ. ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയാണ് ക്ലാസുകൾ. പല ഇടവകകളിലും തിരുനാൾ നടക്കുന്ന ദിവസമാണെങ്കിലും ഉച്ചക്കഴിഞ്ഞുള്ള സെമിനാറിൽ പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

| ജനുവരി 20 ഞായർ | | |
|---|---|---|
| **ഫൊറോന** | **സ്ഥലം** | **സമയം** |
| പേരാവൂർ | പേരാവൂർ | 2-5 pm |
| എടൂർ | എടൂർ | 2-5 pm |
| കുന്നോത്ത് | കുന്നോത്ത് | 2-5 pm |
| നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | 2-5 pm |
| ചെമ്പേരി | ചെമ്പേരി | 2-5 pm |
| ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി | 2-5 pm |
| വായാട്ടുപറമ്പ് | വായാട്ടുപറമ്പ് | 2-5 pm |

| ജനുവരി 27 ഞായർ | | |
|---|---|---|
| **ഫൊറോന** | **സ്ഥലം** | **സമയം** |
| ആലക്കോട് | ആലക്കോട് | 2-5 pm |
| തളിപ്പറമ്പ് | തളിപ്പറമ്പ് | 2-5 pm |
| മേരിഗിരി | മേരിഗിരി | 2-5 pm |
| തോമാപുരം | തോമാപുരം | 2-5 pm |
| വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് | 2-5 pm |
| കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് | 2-5 pm |
| പനത്തടി | പനത്തടി | 2-5 pm |

NB: ക്ലാസ് ദിവസം ടെക്റ്റ് ബുക്ക്, മോഡൽചോദ്യങ്ങൾ എന്നിവ നല്കുന്നതാണ്. ആസ്പെക്ടിന്റെ ടെക്സ്റ്റ് ബുക്കിന് 100 രൂപയാണ് വില.

## 9. ആസ്പെക്ട് പരീക്ഷ

വിശ്വാസപരിശീലകർ പഠിക്കുന്ന 'സഭയും സുവിശേഷവൽകരണവും' എന്ന പുസ്തകത്തിന്റെ പരീക്ഷ **മാർച്ച് 24 ഞായറാഴ്ച്ച** ഉച്ചകഴിഞ്ഞ് 2.30-4.30 വരെയായിരിക്കും 60 വയസിനുതാഴെ പ്രായമുള്ള അദ്ധ്യാപകരെല്ലാവരും പരീക്ഷ എഴുതുവാൻ ശ്രദ്ധിക്കുമല്ലോ. പരീക്ഷാ സംബന്ധമായ വിശദവിവരങ്ങൾ അടുത്തമാസത്തെ ഗിരിദീപത്തിൽ നല്കുന്നതാണ്.

## 10. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'സഭയും സുവിശേഷവൽകരണവും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് **ഏപ്രിൽ 13ന്** തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ മാർച്ച് 17നുള്ളിൽ ഓഫീസിൽ വിളിച്ച് പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 11. അവധിക്കാല വേദപാഠം ഏപ്രിൽ 26-29

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 26ന് രാവിലെ 9.30 മുതൽ 29-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശ ഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരേണ്ടതാണ്. ക്യാമ്പ് ഫീസ് 1000 രൂപയായിരിക്കും.



## 12. ഫൊറോനാ പ്രസിഡന്റ്-സെക്രട്ടറിമാരുടെ സമ്മേളനം

ബഹു. ഫൊറോനാ പ്രസിഡന്റുമാരും സെക്രട്ടറിമാരും അതിരൂപതാ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് നല്കിക്കൊണ്ടരിക്കുന്ന എല്ലാ സേവനങ്ങളും നന്ദിയോടെ അനുസ്മരിക്കുന്നു. ഈ അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അടുത്ത വർഷത്തെ പ്രവർത്തനങ്ങളെ ക്കുറിച്ച് പ്ലാൻ ചെയ്യാനുമായി ഫെബ്രുവരി 9ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് തളിപറ മ്പിൽ വച്ച് ഒരു മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ ബഹു. ഫൊറോനാ പ്രസിഡന്റുമാരും സെക്രട്ടറിമാരും മീറ്റിംഗിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## 13. ഹെഡ്മാസ്റ്റേഴ്സ് റീജണൽ കൂട്ടായ്മ

2018-19 വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജണൽ കൂട്ടായ്മ നടത്തുവാൻ ആഗ്രഹിക്കുകയാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടയ്ക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ് (സ്റ്റുഡന്റ് ഫണ്ട്, ചോദ്യ പേപ്പർ, ഗിരിദീപം, വിശ്വാസോത്സവം, ആസ്പെക്ട് ടെക്സ്റ്റ് ബുക്ക്....).

| സ്ഥലം | തീയ്യതി | സമയം | പങ്കെടുക്കേണ്ടഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 2 ശനി | 09.00am | കാഞ്ഞങ്ങാട്, പനത്തടി |
| തോമാപുരം | മാർച്ച് 2 ശനി | 2.30pm | വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ |
| ആലക്കോട് | മാർച്ച് 3 ഞായർ | 2.30pm | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| ചെമ്പേരി | മാർച്ച് 4 തിങ്കൾ | 09.00am | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 4 തിങ്കൾ | 2.30pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 14. ARMY : XI - XII ക്ലാസുകളിലെ കുട്ടികൾക്കുള്ള ധ്യാനം

യുവജനവർഷത്തോടനുബന്ധിച്ച് 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം അതിരൂപത കെസിവൈഎം-എസ്എംവൈഎം ആണ് നടത്തുന്നത്. അഭിവന്ദ്യ മാർ ജോസഫ്പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന കേരളത്തിലെ പ്രഗൽഭ റിസോഴ്സ് ടീമാണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്. വി. കുർബാന, ദിവ്യകാരുണ്യ ആരാധന, സെഷൻസ്, മ്യൂസിക് മിനിസ്ട്രി എന്നിവ ധ്യാനത്തിൽ ഉൾപ്പെട്ടി

രിക്കും. 11, 12 ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ കുട്ടികളെ ധ്യാനത്തിന് കൊണ്ടുവരേണ്ടതാണ്.

**15. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം**

2018-2019 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വില യിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മ യിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടു ക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**16. സെമിനാറുകൾ**

**പൈസക്കരി:** ഡിസംബർ 16 ഞായറാഴ്ച്ച പൈസക്കരി ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി നടത്തപ്പെട്ട സെമിനാർ ഫൊറോന അസി. വികാരി റവ. ഫാ. കുര്യാക്കോസ് പുതുക്കുളങ്ങര ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ശ്രീ. മാത്യു ഇടപ്പാടിയിൽ അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി സ്വാഗതവും ഫൊറോനാ സെക്രട്ടറി ശ്രീ. ഷാജി പിണക്കാട്ട് നന്ദിയും പറഞ്ഞു. മീറ്റിംഗിൽ വച്ച് പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന സെബാ സ്റ്റ്യൻ പാലാക്കുഴി അച്ചന് വിശ്വാസപരിശീലകർ ജൂബിലി മംഗളങ്ങൾ നേർന്നു. കൂടാതെ ദൈവശാസ്ത്രത്തിൽ BTh പഠനം പൂർത്തിയാക്കിയ 20 വിശ്വാസപരിശീലകരെ ആദരിച്ചു. തുടർന്ന്, "How can be a qualitative Teacher"എന്ന വിഷയത്തെ ആസ്പദമാക്കി പ്രതീക്ഷ ഡയറക്ടർ റവ. ഡോ. ജോൺസൺ അന്ത്യാംകുളം ക്ലാസെടുത്തു. സെമിനാറിൽ 108 വിശ്വാസപരിശീലകർ പങ്കെടുത്തു. സെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**ചെറുപുഴ:** ഡിസംബർ 16 ഞായറാഴ്ച്ച ചെറുപുഴ ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി നടത്തപ്പെട്ട സെമിനാർ ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ശ്രീ. മനോജ് പാറയിൽ സ്വാഗതവും ശ്രീ. ജോണി കൈപ്പള്ളി പാറയിൽ നന്ദിയും പറഞ്ഞു. മീറ്റിംഗിൽ വച്ച് പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ജോർജ് വണ്ടർകുന്നേൽ അച്ചന് വിശ്വാസപരി ശീലകർ ജൂബിലി മംഗളങ്ങൾ നേർന്നു. തുടർന്ന്, "How to be an effective Catechist"എന്ന വിഷയത്തെ ആസ്പദമാക്കി വിശ്വാസപരിശീലന അസി. ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ ക്ലാസെടുത്തു.



സെമിനാറിൽ 92 വിശ്വാസപരിശീലകർ പങ്കെടുത്തു. സെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**17. വെബ്സൈറ്റ് (catechismthalassery.org)**

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechism thalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യ പേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോ ത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹി പ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

**18. ഗിരിദീപം**

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാ ധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാ ത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**19. WhatsApp Group**

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

**20. ദിയാകോണിയ കർമ്മ പദ്ധതി**

ജനുവരി മാസം **ജീവൻ സംരക്ഷണ** മാസമായി നാം ആചരിക്കു കയാണ്. സൺഡേസ്കൂൾ തലത്തിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ:

1. ജീവൻ സംരക്ഷണ പ്രാർത്ഥനയും പ്രതിജ്ഞയും നടത്തുക.
2. ജീവന്റെ മൂല്യം സംബന്ധിച്ച പ്രസംഗമത്സരം നടത്തുക.
3. ജീവൻ സംരക്ഷണ ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുക.

**21. ഡിസിഎൽ ഐക്യു ചലഞ്ച് പരീക്ഷ**

കുട്ടികളുടെ ബുദ്ധിവികസനവും പൊതുവിജ്ഞാനവും വ്യക്തിത്വവിക സനവും ലക്ഷ്യമാക്കി ദീപിക ബാലസഖ്യം (ഡിസിഎൽ) എല്ലാവർഷവും

ഐക്യു സ്കോളർഷിപ്പ് പരീക്ഷ എൽകെജി മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായി സ്കൂളുകളിൽ സംഘടിപ്പിച്ചുവന്നിരുന്നു. എന്നാൽ, ഈ വർഷം മുതൽ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ നടന്നുവന്നിരുന്ന എല്ലാ സ്വകാര്യ സ്കോളർഷിപ്പ് പരീക്ഷകളും നിരോധിച്ചിരിക്കുന്നതിനാൽ നമ്മുടെ സൺഡേസ്കൂൾ കേന്ദ്രീകരിച്ച് ജനുവരി 12 ന് പരീക്ഷ നടത്തുവാനാണ് അഭിവന്ദ്യ പിതാക്കന്മാർ നിർദ്ദേശിച്ചിരിക്കുന്നത്. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

## 22. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥി കൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവു മാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ആരംഭിച്ചിരിക്കുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ഗിരിദീപത്തിൽ ലഭ്യമാണ്.

## 23. വിവിധ കുടിശികകൾ

2018–2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ ജനുവരി 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 24. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. ഡിപ്ലോമ രജിസ്ട്രേഷൻ ഫോം തരാത്തവർ കുട്ടികളുടെ വിവരങ്ങൾ ചേർത്ത് ഫോമും വെബ്സൈറ്റിലെ പ്രിന്റും എത്രയും പെട്ടെന്ന് ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ. വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2018–2019ന്റെ പ്രിന്റെടുത്ത് അതേ ക്രമത്തിലാണ് കുട്ടികളുടെ വിവരങ്ങൾ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ എഴുതി ചേർക്കേണ്ടത്.
3. ഡിപ്ലോമ ഇംപ്രൂവ്മെന്റ് എഴുതുന്നവരുടെയും നോൺ റെഗുലർ സ്റ്റുഡന്റായി പരീക്ഷ എഴുതുന്നവരുടെയും വിവരങ്ങൾ വെബ്സൈറ്റിലും രജിസ്ട്രേഷൻ ഫോമിലും ചേർക്കേണ്ടതില്ല. അവരുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററുടെ ഒപ്പോടുകൂടി രജിസ്ട്രേഷൻ ഫോമിനോടൊപ്പം അയച്ചുതരേണ്ടതാണ്.
4. വിശ്വാസോത്സവത്തിന്റെ വർക്ക്ബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.
5. അധ്യാപകരുടെയും കുട്ടികളുടേയും (ക്ലാസ് I-XI വരെ) പേരുവിവരങ്ങളും മറ്റു കാര്യങ്ങളും ജനുവരി 30നകം നിർബന്ധമായും വെബ്സൈറ്റിൽ ചേർത്ത് സഹകരിക്കുമല്ലോ.
6. ആസ്പെക്ട് പരീക്ഷ എഴുതുന്നവരുടെ എണ്ണം വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഫോമിൽ ചേർക്കേണ്ടതാണ്. അതനുസരിച്ചായിരിക്കും ചോദ്യപേപ്പറുകൾ ഓരോ സൺഡേസ്കൂളിലും എത്തിക്കുക.

## 25. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ വെമ്പുവ, ചെറുപാറ, ചരൾ, കമ്പല്ലൂർ എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ ഏറ്റുപാറ, ബാലേശുഗിരി, കുമ്പള, മഞ്ഞളാംപുറം എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958